# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2070.          18.06.2013 ൽ മറുപടിയ്ക്ക്.

<u>ആർ.ടി. ഓഫീസുകളിലെ ഇ - പേയ്മെന്റ്</u>

| ചോദ്യം<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) | മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനുമായി വകുപ്പ് ആധുനികവത്കരിക്കുകയും വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ പൂർണ്ണമായിട്ടും കമ്പ്യൂട്ടറിലൂടെയാക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി ഫാസ്റ്റ് ട്രാക്ക്, ഓൺലൈൻ അപേക്ഷ, ഇ - പേയ്മെന്റ്, സ്പീഡ് പോസ്റ്റ് തുടങ്ങിയ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടുതൽ തസ്തികകളും അനുവദിച്ചിട്ടുണ്ട്. ഇവ മുഖാന്തിരം പൊതുജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമവും, സുതാര്യവും, വേഗത്തിലുള്ളതുമായ സേവനങ്ങൾ നൽകുവാനും, ഇടനിലക്കാരെ ഒഴിവാക്കി അഴിമതി രഹിതമായ പ്രവർത്തനം നടപ്പിലാക്കുവാനും സാധിക്കുന്നു. |
| (ബി) ആർ. ടി. ഓഫീസുകളിലെ സേവനങ്ങൾ ഇ - പേയ്മെന്റ് സംവിധാനത്തിലാക്കുന്നതുമൂലമുള്ള പുരോഗതി പരിശോധിച്ചിട്ടുണ്ടോ ; | (ബി)<br>&<br>(സി) | സംസ്ഥാനത്തെ മുഴുവൻ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഇ - പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സംവിധാനം മുഖേന പൊതുജനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട സേവനങ്ങൾക്കുള്ള ഫീസ്, പുതിയ വാഹനങ്ങൾക്കുള്ള നികുതി എന്നിവ ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം ഉള്ള ബാങ്ക് അക്കൗണ്ട് മുഖേനയോ എ.റ്റി.എം. കാർഡ് മുഖേനയോ ഓൺലൈൻ ആയി ഒടുക്കാവുന്നതാണ്. |
| (സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ? | | |

സെക്ഷൻ ഓഫീസർ.